"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം- സർക്കാർ അംഗീകാരമുള്ള അൺ എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ , ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ 10 % മാർജിനൽ സീറ്റ് വർദ്ധനവ് നൽകുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് -ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.107/2025/GEDN തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:-
1. 5.5.2025 ലെ സ.ഉ(സാധാ)നം. 3106/2025/പൊ.വി.വ. ഉത്തരവ്
2. 4.6.2025 ലെ സ.ഉ(കൈ)നം. 102/2025/പൊ.വി.വ. ഉത്തരവ്
3. 13.06.2025 ലെ സ.ഉ(കൈ)നം. 106/2025/പൊ.വി.വ. ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം 3 ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരമുള്ള അൺ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ, ആവശ്യപ്പെടുന്ന സ്കൂളുകൾക്ക് നിയമപ്രകാരമുള്ള യോഗ്യതകൾ ഉണ്ടോ എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ല ഒഴികെയുള്ള ജില്ലകളിൽ, 10% മാർജിനൽ സീറ്റ് വർദ്ധനവ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലമ്പൂർ മണ്ഡലത്തിലെ ഉപ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ, മലപ്പുറം ജില്ലയിൽ നിന്നുള്ള അപേക്ഷകളുടെ കാര്യത്തിൽ ഇലക്ഷൻ കമ്മീഷന്റെ അനുമതിക്ക് വിധേയമായിട്ടായിരിക്കണം സീറ്റ് വർദ്ധനവ് അനുവദിക്കേണ്ടത് എന്ന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

2.പരാമർശം 3 ലെ ഉത്തരവ് മേൽ സൂചിപ്പിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, (ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുഭരണ (എസ്.സി) വകുപ്പ് (11.6.2025 ലെ ഇനം നം. 3042)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&.ഇ കേരള), തിരുവനന്തപുരം

എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്.
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by N K Sheena
Date: 13-06-2025 17:49:23
സെക്ഷൻ ഓഫീസർ

പകർപ്പ്-

ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാദ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്